പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 761 — 29.05.2019 ൽ മറുപടിക്ക്

# തീർത്ഥാടന കേന്ദ്രങ്ങളുടെ നവീകരണം

ചോദ്യം — മറുപടി

**ശ്രീ.വി. അബ്ദുറഹിമാൻ**

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമല ഉൾപ്പെടെയുള്ള തീർത്ഥാടന കേന്ദ്രങ്ങളുടെ നവീകരണത്തിനായി വിനിയോഗിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ വന്നതിന് ശേഷം ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്ക് 59.62 കോടി രൂപ നൽകിയിരുന്നു. കൂടാതെ മലബാർ ദേവസ്വം ബോർഡിന് കീഴിലുളള 702 പൊതു ക്ഷേത്രങ്ങൾക്കായി 6,09,50,000/- രൂപയും 511 സ്വകാര്യ ക്ഷേത്രങ്ങൾക്കായി 74,05,000/- രൂപയും പട്ടിക ജാതി / പട്ടിക വർഗ്ഗം വിഭാഗം നടത്തിപ്പുകാരായ 117 ക്ഷേത്രങ്ങൾക്കായി 16,45,000/- രൂപയുമടക്കം ആകെ 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കുളങ്ങളുടെയും കാവുകളുടെയും ആൽത്തറകളുടെയും നവീകരണത്തിനായി 3 കോടിരൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുള്ള വിവിധ വിശ്വാസിസമൂഹങ്ങളുടെ തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും പ്രത്യേക വരുമാനം ലഭിക്കുന്നുണ്ടോ, വിശദാംശം അറിയിക്കുമോ; | (ബി) | ദേവസ്വം ബോർഡുകളുടെ കീഴിലുളള തീർത്ഥാടന കേന്ദ്രങ്ങളിലെ വരുമാനം ദേവസ്വം ബോർഡുകൾക്ക് മാത്രമാണ് ലഭിക്കുന്നത്. സർക്കാരിൽ വരുമാനമൊന്നും ലഭിക്കുന്നില്ല. |
| (സി) | തീർത്ഥാടന കേന്ദ്രങ്ങളിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമ്പോൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധം ശാസ്ത്രീയമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധമാണ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ